# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1722

16-06-2014 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. വി.ഡി.സതീശൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) | എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | ബി) | എക്സൈസ് വകുപ്പിന് വാഹനങ്ങളും മറ്റ് സൗകര്യങ്ങളും നൽകി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ചെക്ക് പോസ്റ്റുകളിലെ വാഹനപരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, എക്സൈസ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എക്സൈസ് അക്കാദമിയുടെ നവീകരണം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും വേഗത്തിലുമാക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുക, ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള് / മദ്യം മാത്രമേ വിൽക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ; | സി) | ഐ.ടി. മിഷൻ, ഐ.ടി. വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി. |
| ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | 1) **മൊബൈൽ ലിക്വർ അനലിറ്റിക്കൽ ലാബ്**<br>ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമേ വിതരണം ചെയ്യുന്നുള്ളുവെന്ന് ഉറപ്പു വരുത്തുന്നതിനായി മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിന് വേണ്ടി നിലവിൽ തെക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു |

മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചു വരുന്നതും കൂടാതെ, മദ്ധ്യമേഖല, വടക്കൻമേഖല എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ഓരോ അനലറ്റിക്കൽ ലാബ് തുടങ്ങുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ഇനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്.

**2) ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കൽ.**

എക്സൈസ് വകുപ്പിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുവാൻ 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻഫണ്ടിൽ ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

**3) എക്സൈസ് അക്കാദമിയുടെ നവീകരണം**

എക്സൈസ് അക്കാദമിയുടെ നവീകരണത്തിനായി, 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിന്മേൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്.

**4) എക്സൈസ് എൻഫോഴ്സ്മെന്റ്**

2011-12 സാമ്പത്തിക വർഷം, എക്സൈസ് വകുപ്പിൽ 33 ജീപ്പുകളും, 2012-13 സാമ്പത്തിക വർഷത്തിൽ 70 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുള്ളതാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ 48 മോട്ടോർ ബൈക്കുകൾ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയും ആയത് 2014-15 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ, 48 മോട്ടോർബൈക്കുകൾ കൂടി അനുവദിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. കൂടാതെ, വകുപ്പിലേയ്ക്കായി 21 ജീപ്പുകൾ, സിഗ്നൽ ലൈറ്റ് ബാറ്റൺ, റയിൻകോട്ട്, ലാത്തികൾ, ഡിജിറ്റൽ ക്യാമറകൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിക്കുന്നു.

**5) കമ്പ്യൂട്ടർ, ഇ-ഗവേണൻസ്.**

എക്സൈസ് വകുപ്പിലെ ആഫീസുകളിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നല്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും, ഇ.സി. ആർ.ബി. സോഫ്റ്റ് വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

6) എക്സൈസ് ക്രൈം റെക്കാർഡ്സ് ബ്യൂറോ

അബ്കാരി/എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും, കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി, എക്സൈസ് ക്രൈം റെക്കാർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

7) വെടിയുണ്ടകൾ സംബന്ധിച്ച വിവരങ്ങൾ

2011–12 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റളുകൾക്ക് 26000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്മ്യൂണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122/- രൂപ ചെലവഴിച്ച് വാങ്ങുകയുണ്ടായി.

(ഒപ്പ്)

സെക്ഷൻ ഓഫീസർ